**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4949** **20-03-2025 - ൽ മറുപടിയ്ക്ക്**

**ബി.പി.എൽ. വിഭാഗം വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്**

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ. പി. മമ്മിക്കുട്ടി** | | **ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് ഹയർ സെക്കണ്ടറി തലത്തിൽ വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിനായി ബി.പി.എൽ. വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്ന പദ്ധതി നിലവിലുണ്ടോ; എങ്കിൽ എത്ര പേർക്ക് ഇതിന്റെ പ്രയോജനം ലഭിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ; | (എ) | സംസ്ഥാനത്ത് ഹയർ സെക്കന്ററി തലത്തിൽ വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിനായി ബി.പി.എൽ. മെറിറ്റ് കം മീൻസ് സ്കോളർഷിപ്പ് എന്ന പദ്ധതി നിലവിലുണ്ട്. 15800 വിദ്യാർത്ഥികൾക്ക് (14800 ഹയർ സെക്കന്ററി വിദ്യാർത്ഥികൾക്കും 1000 വൊക്കേഷണൽ ഹയർ സെക്കന്ററി വിദ്യാർത്ഥികൾക്കും) 5000/- രൂപ വീതം എല്ലാ വർഷവും നൽകി വരുന്നു. |
| (ബി) | ഇതിനായി എത്ര തുക വകയിരുത്തിയിട്ടുണ്ടെന്ന് വിശദമാക്കാമോ? | (ബി) | 7,90,00,000/- (ഏഴ് കോടി തൊണ്ണൂറ് ലക്ഷം രൂപ മാത്രം) |

സെക്ഷൻ ഓഫീസർ